പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :537 — 27.02. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യിലെ സബ് എൻജിനീയർ നിയമനം

ചോദ്യം — ഉത്തരം

ശ്രീ.കെ.മുരളീധരൻ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഐ.ടി.ഐ. ക്വാളിഫിക്കേഷൻ ഇല്ലാത്തതും ഇലക്ട്രിക്കൽ എൻജിനീയറിംഗ് ഡിപ്ലോമയുള്ളതുമായ ഓവർസീയർ മാർക്ക് സബ് എൻജിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) നൽകിയിട്ടുണ്ട്, 28.12.1967-ലെ ബോർഡുത്തര അനുസരിച്ചും (B.O.No.M-IV 3600/67 dated, Thiruvananthapuram 28.12.1967) അതിനെ തുടർന്നുവന്ന 12.01.1971(B.O.EB11-13667/70 dated 12.01.1971)- ലെ ബോർഡുത്തരവനുസരിച്ചും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യതയുള്ള ഓവർസീയർമാർ സബ്ബ് എഞ്ചിനീയർമാരായിട്ടുണ്ട്. എന്നാൽ 23.01.1981-ൽ (B.O.No.ARIII-36591/78 dated, Trivandrum 23.01.1981) പരിഷ്കരിച്ച് ബോർഡുത്തരവിൽ പ്രമോഷന് മാനദണ്ഡമായി പറയുന്ന യോഗ്യതയിൽ ഡിപ്ലോമ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും, ബഹുമാനപ്പെട്ട ഹൈ ക്കോടതിയിലും, നിരവധി വ്യവഹാരങ്ങൾ ഉണ്ടായതിനെ തുടർന്ന് 30.07.2015 – ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ (WA Nos.1004,1094,1100/2014 & 572/2015) അടിസ്ഥാനത്തിൽ പിന്നീട് നാളിതുവരെയുള്ള സബ്ബ്എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള പ്രൊമോഷനുകൾ എല്ലാം തന്നെ ITI – യിൽ രണ്ട് വർഷത്തെ കോഴ്സ് പഠിച്ച (റഗുലർ) ഓവർസീയർ (ഇലക്ട്രിക്കൽ) മാർക്ക് മാത്രമേ നൽകിയിട്ടുള്ളൂ. തുടർന്ന് 31.03.2017 – ലെ ബോർഡുത്തരവ് പ്രകാരം, ഓവർസീയർ - ൽ നിന്നും സബ്ബ്എഞ്ചിനീയർ പ്രമോഷനിലേയ്ക്ക് ഡിപ്ലോമകാരേയും ഉൾപ്പെടുത്തുകയുണ്ടായി. (എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ (WP(C) No.16916/2007 dated 28.07.2009 –ലെ ഉത്തരവ് അനുസരിച്ചും,അതിനെ തുടർന്ന് 16.06.2017 – ലെ ബോർഡുത്തരവനുസരിച്ചും ബോർഡിലെ ഓവർസീയറായി ജോലി ചെയ്തിരുന്ന ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യതയുള്ള ശ്രീ. സി.ജി.അജിത്തിന് 04.07.2017-ലെ ഉത്തരവ് പ്രകാരം സബ്ബ്എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി പ്രമോഷൻ നൽകിയിരുന്നു. ബഹുമാനപ്പെട്ട ഹൈ ക്കോടതി വിധിയനുസരിച്ച് ഈ ഉത്തരവ് ഇതിലെ ഹർജിക്കാരനായ ശ്രീ. സി.ജി.അജിത്തിന് മാത്രമാണ് ബാധകം). |
| (ബി) സബ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഇലക്ട്രിക്കൽ എൻജിനീയ- | (ബി) സബ് എൻഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ ഇല്ലാത്തതും, എന്നാൽ എഞ്ചിനീയറിംഗ് ഡിഗ്രി ഉള്ളവരുമായ 24 പേർക്ക് 3/2004 മുതൽ 1/2018 വരെ സമാശ്വാസ തൊഴിൽദാനപദ്ധതിപ്രകാരം നിയമനം നൽകിയിട്ടുണ്ട്. |

| | |
|---|---|
| റിംഗ് ഡിപ്ലോമയില്ലാത്തതും എന്നാൽ എൻജിനീയറിംഗ് ഡിഗ്രിയുള്ളവരുമായ എത്ര പേർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനംനൽകിയിട്ടുണ്ട്;വിശദമാക്കാമോ;<br>(സി) മീറ്റർ റീഡർ തസ്തികയിൽ നിന്നും ഐ.ടി.ഐ. ക്വാളിഫിക്കേഷൻ ഇല്ലാത്തതും ഇലക്ട്രി-ക്കൽ എൻജിനീയറിംഗ് ഡിപ്ലോമയുമുള്ള എത്ര പേർക്ക് സബ് എൻജിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) മീറ്റർ റീഡർ തസ്തികയിൽ നിന്നും ഐ.ടി.ഐ. ക്വാളിഫിക്കേഷൻ ഇല്ലാത്തതും ഇലക്ട്രിക്കൽ എൻജിനീയറിംഗ് ഡിപ്ലോമ ഉള്ളതുമായ 12 പേർക്ക് 07/2010 നും 02/2011 നും ഇടയ്ക്ക് സബ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ